# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.999 10.08.2017-ൽ മറുപടിക്ക്

**ദേശീയ പാതയിൽ നിന്ന് ഒഴിവാക്കിക്കൊണ്ടുള്ള വിജ്ഞാപനം**

| ചോദ്യം<br>ശ്രീ.അൻവർ സാദത്ത് | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) കണ്ണൂർ - വെങ്ങളം - കുറ്റിപ്പുറം ഭാഗവും, ചേർത്തല - ഓച്ചിറ - തിരുവനന്തപുരം ഭാഗവും ദേശീയ പാതയിൽ നിന്ന് ഒഴിവാക്കി 2014 ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ ; | (എ) ഇല്ല. എന്നാൽ 45 മീറ്റർ ROW-ൽ സ്ഥലമെടുത്ത് ദേശീയപാത വികസിപ്പിക്കുന്നതിൽ കാലതാമസം നേരിട്ട സാഹചര്യത്തിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയെ ദേശീയപാത 66-ന്റെ കണ്ണൂർ - വെങ്ങളം-കുറ്റിപ്പുറം ഭാഗത്തെയും ചേർത്തല ഓച്ചിറ തിരുവനന്തപുരം ഭാഗത്തെയും വികസന പ്രവർത്തനത്തിൽ നിന്നും ഒഴിവാക്കി നേരത്തെ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. |
| (ബി) എങ്കിൽ പ്രസ്തുത റോഡുകളുടെ നിലവിലുള്ള സ്റ്റാറ്റസ് എന്താണ്; | (ബി) ഇപ്പോൾ പ്രസ്തുത ഭാഗത്തെ 45 മീറ്റർ ROW-ൽ 4 വരിപ്പാതയാക്കാനുള്ള വികസനം നടപ്പിലാക്കുന്നതിലേയ്ക്കായി സർക്കാർ ആവശ്യപ്പെട്ട പ്രകാരം വീണ്ടും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയെ ഏൽപ്പിച്ച പുതിയ പദ്ധതിയുടെ പഠന രേഖ തയ്യാറാക്കിയിട്ടുണ്ട്. |
| (സി) ഈ റോഡുകളുടെ പുനരുദ്ധാരണത്തിനും അറ്റകുറ്റപ്പണിക്കും ദേശീയ പാത അതോറിറ്റി 2014-ന് ശേഷം ധനസഹായം നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപ അനുവദിച്ചുവെന്ന് വർഷം തിരിച്ച് വെളിപ്പെടുത്തുമോ? | (സി) ഈ റോഡുകളുടെ പുനരുദ്ധാരണത്തിനും അറ്റകുറ്റപണിക്കും ഫണ്ട് അനുവദിക്കുന്നത് കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയമാണ്. കേന്ദ്ര ഫണ്ട് ഉപയോഗിച്ച് റോഡ് ഗതാഗത യോഗ്യമായി നിലനിർത്തുന്നു. NH-17 & 47 നും കേന്ദ്ര മന്ത്രാലയത്തിൽ നിന്നും അനുമതി ലഭിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു. |

| വർഷം | NH(0)യിൽ അനുവദിച്ച തുക (കോടിയിൽ) | (Non-Plan) ഉപരിതലം പുതുക്കാൻ അനുവദിച്ച തുക (കോടിയിൽ) |
|---|---|---|
| 2014-15 | 73.21 | 36.35 |
| 2015-16 | 47.25 | 34.94 |
| 2016-17 | 42.04 | 91.46 |
| 2017-18 | ഇതുവരെ തുക അനുവദിച്ചിട്ടില്ല | |

S. Bindu

സെക്ഷൻ ഓഫീസർ